**QP CODE**

**H1163**

**Enrollment Number: ....................**

**Name: ....................................**

**B.A DEGREE EXAMINATIONS, MARCH 2026**
**Sixth Semester**
**B.A. Malayalam Language and Literature**
**B21ML07DC – മലയാളവ്യാകരണം**
**(2022 admissions)**
**(Supplementary)**

**Time: 3 Hours** **Max Marks: 70**

**സെക്ഷൻ എ**

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. 'മലയാഴ്മയുടെ വ്യാകരണം' എഴുതിയതാര്?
2. സ്വയം ഉച്ചാരണക്ഷമമല്ലാത്ത വർണങ്ങൾക്ക് പറയുന്ന പേരെന്ത്?
3. മലയാളത്തിലെ നാദികളായ വ്യഞ്ജനങ്ങൾ ഏതെല്ലാം?
4. വാച്യമായ ഒരർഥത്തെക്കുറിക്കുന്ന ശബ്ദത്തിന് പറയുന്ന പേരെന്ത്?
5. രണ്ടു വാക്യങ്ങളെയോ പദങ്ങളെയോ യോജിപ്പിക്കുന്ന ദ്യോതകശബ്ദമേത്?
6. പൂജകബഹുവചന പ്രത്യയമേത്?
7. മറ്റു പദങ്ങളുമായുള്ള ബന്ധങ്ങളെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയമേത്?
8. വിൺ + തലം = വിണ്ടലം സന്ധിയേത്?
9. പാക്കുവെട്ടി - സമാസമേത്?
10. ഒന്നിനും കീഴ്പ്പെടാതെ സ്വതന്ത്രമായി നിൽക്കുന്ന പൂർണക്രിയയ്ക്ക് പറയുന്ന പേരെന്ത്?
11. കുളിക്കാൻ പോയി - വിനയെച്ചമേത്?
12. ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയ്ക്ക് വൃത്തശാസ്ത്രത്തിൽ പറയുന്ന പേര്?
13. ആദിഗുരുവായി വരുന്ന ഗണമേത്?
14. വർണ്ണ്യവസ്തുവും അവർണ്ണ്യവസ്തുവും തമ്മിലുള്ള സാദൃശ്യാധിക്യത്താൽ ഇവകൾ തമ്മിലുള്ള അഭേദം കല്പിക്കുന്ന അലങ്കാരമേത്?
15. 'നിന്മുഖം ചന്ദ്രനെവെന്നു
    പത്മത്തിൻ കഥയെന്തുവാൻ' – ഈ വരികളിലെ അലങ്കാരമേത്?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

16. വ്യാകരണപഠനത്തിലെ നിഗമനരീതിയുടെ സവിശേഷതകൾ എന്തെല്ലാം?
17. അനുനാസികാതിപ്രസരം എന്തെന്ന് വ്യക്തമാക്കുക.
18. അനുപ്രദാനം എന്നാലെന്ത്?
19. ദ്യോതകം എന്നാലെന്ത്?
20. മിശ്രവിഭക്തി - കുറിപ്പെഴുതുക
21. പേരെച്ചം എന്നാലെന്ത്?
22. സമാസം എന്നാലെന്ത്?
23. വസന്തതിലകത്തിന്റെ ലക്ഷണം ഉദാഹരണസഹിതം വിവരിക്കുക.
24. കേകവൃത്തത്തിന്റെ ലക്ഷണം ഉദാഹരണസഹിതം വിവരിക്കുക.
25. അനുപ്രാസം – ലക്ഷ്യലക്ഷണ സഹിതം വിവരിക്കുക.

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. വാക്യമെന്നാലെന്ത്? ഉദാഹരണസഹിതം വിവരിക്കുക.
27. നാമപദസംഹിത, ക്രിയാപദസംഹിത ഇവ എന്തെന്നു വ്യക്തമാക്കുക.
28. ലീനധ്വനി, പ്രകടധ്വനി ഇവ എന്തെന്നു വ്യക്തമാക്കുക.
29. കാരകമെന്നാലെന്ത്? വിഭക്തി-കാരകബന്ധം ചർച്ച ചെയ്യുക.
30. കൃത്ത് എന്നാലെന്ത്? ഉദാഹരണസഹിതം വിവരിക്കുക.
31. “ധാതുവർഥം കുറിക്കുന്ന
    പ്രകാരം താൻ പ്രകാരമാം” - വിശദീകരിക്കുക
32. ശ്രുതി മാധുര്യാർത്ഥമായും
    നാഗമം ചിലേടങ്ങളിൽ - വിശദീകരിക്കുക
33. തത്പുരുഷസമാസത്തിന്റെ വിഭാഗങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.
34. വാക്യത്തിൽ പദക്രമത്തിന് പ്രാധാന്യമുണ്ടെന്ന് പറയാൻ കാരണമെന്ത്?
35. വൃത്തശാസ്ത്രത്തിൽ ഗണം നിർണയിക്കുന്ന രീതി പരിചയപ്പെടുത്തുക.
36. സമവൃത്തം എന്നാലെന്ത്? ഏതെങ്കിലും രണ്ട് സമവൃത്തങ്ങളെ ഉദാഹരണസഹിതം വിശദീകരിക്കുക.
37. സാമ്യോക്തി വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും മൂന്ന് അലങ്കാരങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

**(5X6=30)**

**QP CODE**

**H1163**

### സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. വ്യഞ്ജനങ്ങളുടെ വർഗീകരണത്തിൽ കേരളപാണിനി സ്വീകരിച്ചിരിക്കുന്ന ഉപാധികൾ എന്തെല്ലാം?
39. വിനയെച്ചം എന്നാലെന്ത്? എത്രവിധം? വിവരിക്കുക.
40. സന്ധി എന്നാലെന്ത്? പലതരത്തിലുള്ള സന്ധിനിർണയരീതികൾ സാമാന്യമായി പരിചയപ്പെടുത്തുക.
41. പ്രധാനപ്പെട്ട തുള്ളൽവൃത്തങ്ങളെ പരിചയപ്പെടുത്തുക.

**(10X2=20)**